'ഭരണഭാഷ- മാതൃഭാഷ'

**കേരള സർക്കാർ**

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - തൃശ്ശൂർ ജില്ലയിലെ എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിലെ മുൻ എൽ.ഡി. ക്ലാർക്കുമാരായ ശ്രീ. എം.ഡി. ദിജു, ശ്രീ. രജിൻ ശശി, യു.ഡി. ക്ലാർക്ക് ശ്രീമതി. ടി.പി. സിന്ധു എന്നിവർക്കെതിരെ ആരംഭിച്ച അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.1864/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 30/08/2019**

---

പരാമർശം:- 1 വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ ഡയറക്ടറുടെ 11.02.2015-ലെ സി2(വി.സി.12/2010/ടിഎസ്ആർ)12632/2010നമ്പർ കത്ത്

2 വിജിലൻസ് (ഡി) വകുപ്പിന്റെ 24.03.2015-ലെ 2170/ഡി3/2015/വിജി. നമ്പർ കത്ത്

3 സർക്കാരിന്റെ 16.12.2015-ലെ 387/ഇപിബി3/2015/തസ്വഭവ നമ്പർ കുറ്റപത്രം

4 ശ്രീമതി. സിന്ധു ടി.പി., ശ്രീ. രജിൻ ശശി എന്നിവർ 05.03.2016-ലും ശ്രീ. ദിജു എം.ഡി. 15.03.2016-ലും സമർപ്പിച്ച പ്രതിവാദ പത്രികകൾ

5 പഞ്ചായത്ത് ഡയറക്ടറുടെ 14.10.2016-ലെ ഡി7-22569/2010നമ്പർ കത്ത്

6 സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഹെഡ് ക്വാർട്ടേഴ്സ് വിഭാഗം സമർപ്പിച്ച അന്വേഷണ റിപ്പോർട്ട്

## ഉത്തരവ്

എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിൽ ഇ.എം.എസ്. ഭവനപദ്ധതി നിർവ്വഹണം സംബന്ധിച്ച് ശ്രീ. ഗോപാല കൃഷ്ണൻ എന്നയാൾ കോടതിയിൽ പരാതി ഫയൽ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ബഹു. കോടതി നിർദ്ദേശ പ്രകാരം വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ അന്വേഷിക്കുകയും പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. വിജിലൻസിന്റെ ആകസ്മിക പരിശോധനയിൽ ഇ.എം.എസ്. ഭവന പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കിയ ഉദ്യോഗസ്ഥർ ഗുണഭോക്താക്കളുടെ ഭൗതിക സാഹചര്യങ്ങൾ വിലയിരുത്തുന്നതിൽ വീഴ്ച വരുത്തി അനർഹരെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നു കണ്ടെത്തുകയുണ്ടായി. തുടർന്ന് പ്രസ്തുത വീഴ്ചകൾക്കുത്തരവാദിയായ എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിലെ മുൻ എൽ.ഡി. ക്ലാർക്കുമാരായ ശ്രീ എം.ഡി. ദിജു, ശ്രീ. റജിൻ ശശി, യു.ഡി. ക്ലാർക്ക് ശ്രീമതി. ടി.പി. സിന്ധു എന്നിവർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കണമെന്ന വിജിലൻസ് ശുപാർശയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ പരാമർശം ( 3 ) പ്രകാരം കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു. കുറ്റപത്രത്തിന് ഉദ്യോഗസ്ഥർ പരാമർശം ( 4 ) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

3

അന്വേഷണം നടത്തി അർഹത നിശ്ചയിച്ച 198 പേരെ 27.06.2009-ലെ 2-ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം ഗുണഭോക്താക്കളായി നിശ്ചയിച്ചിട്ടുണ്ടെന്നും ഇവരിൽ 170 പേർക്കാണ് ആദ്യ ഘട്ടമെന്ന നിലയിൽ വീട് അനുവദിച്ചിട്ടുള്ളത് എന്നും പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ലിസ്റ്റിൽ അപാകതകൾ ഉള്ളതായി റിപ്പോർട്ട് നൽകിയിട്ടില്ലായെന്നും ഗുണഭോക്താക്കളുടെ അർഹത സംബന്ധിച്ച് പ്രാഥമിക അന്വേഷണം നടത്തിയതിൽ ഉദ്യോഗസ്ഥർ ഗുണഭോക്താക്കൾക്കായി വ്യക്തിപരമായ താൽപര്യങ്ങൾ ചെലുത്തിയതായി കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ലെന്നും ഇത് സംബന്ധിച്ച വെളിപ്പെടുത്തലുകൾ ഗ്രാമസഭാ മിനിട്ട്സിൽ ഇല്ലായെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇ.എം.എസ്. ഭവന പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കിയ ഉദ്യോഗസ്ഥർ ഗുണഭോക്താക്കളുടെ ഭൗതിക സാഹചര്യങ്ങൾ വിലയിരുത്തുന്നതിൽ വീഴ്ച വരുത്തിയിട്ടില്ലെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

തുടർന്ന് ഉദ്യോഗസ്ഥർ സമർപ്പിച്ച പ്രതിവാദ പത്രികയിൽ നേരിൽ കേൾക്കണമെന്ന് അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാളുകളെ നേരിൽ കേട്ടു. നേരിൽ കേട്ടവേളയിൽ ഇ.എം.എസ്. ഭവന പദ്ധതിയുടെ പ്രാഥമിക പരിശോധന ടീമിൽ ഉണ്ടായിരുന്ന തങ്ങൾ നേരിട്ടുപോയി ബോധ്യമായ വിവരങ്ങളാണ് റിപ്പോർട്ടു ചെയ്തിരുന്നത് എന്നും റിപ്പോർട്ടു ചെയ്തിരുന്ന വീടുകൾ പൊട്ടിപ്പൊളിഞ്ഞതും മേൽക്കൂര ചോർച്ചയുള്ളതും കാലപ്പഴക്കം മൂലം നശിക്കാറായവയും ആയിരുന്നുവെന്നും പരിശോധന വേളയിൽ വീട്ടുകാരെ വീടിനു മുമ്പിൽ നിറുത്തി ഫോട്ടോ എടുത്ത് ആയതു റിപ്പോർട്ടിനോടൊപ്പം ഉള്ളടക്കം ചെയ്തിരുന്നുവെന്നും ടിയാളുകൾ അറിയിക്കുകയുണ്ടായി. കൂടാതെ പഞ്ചായത്ത് ഭരണസമിതി ചർച്ചചെയ്ത് അംഗീകരിച്ച ശേഷമാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത് എന്നും അറിയിക്കുകയുണ്ടായി. മേൽ പ്രകാരം പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച ഗുണഭോക്താക്കളുടെ ലിസ്റ്റ് നേരിൽ കേട്ടവേളയിൽ ഹാജരാക്കുകയുമുണ്ടായി.

തുടർന്ന് എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിൽ ഇ.എം.എസ്. ഭവനപദ്ധതിയിലെ ഗുണഭോക്താക്കളെ തിരഞ്ഞെടുത്തതിലുണ്ടായ ക്രമക്കേട് സംബന്ധിച്ച് സ്റ്റേറ്റ് പെർഫോർമൻസ് ആഡിറ്റ് ഹെഡ്ക്വാർട്ടേഴ്സ് ടീമിനെക്കൊണ്ട് അന്വേഷണം നടത്തിയതിന്റെ അടിസ്ഥാനത്തിൽ പരാമർശം ( 6 ) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ അന്വേഷണ വിഷയമായ ഇ.എം.എസ്. ഭവന പദ്ധതിയിലെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന പ്രക്രിയയിൽ, ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കുവാൻ ഉത്തരവാദിത്തപ്പെട്ട ജനപ്രതിനിധികളുടെ സഭയ്ക്ക് ആവശ്യമായ പ്രാഥമിക വിവരശേഖരണം മാത്രമാണ് കുറ്റക്കാരെന്ന് ആരോപിക്കപ്പെടുന്ന ഉദ്യോഗസ്ഥർ ചെയ്തതെന്നും ആരോപണ വിഷയമായ ലിസ്റ്റ് സൂപ്പർ ചെക്കിംഗിന് വിധേയമാക്കിയപ്പോൾ അനർഹരെ കണ്ടെത്തുകയോ റിപ്പോർട്ട് ചെയ്യുകയോ ചെയ്തിട്ടില്ലായെന്നും വിജിലൻസ് അന്വേഷണത്തിൽ 5 1 അനർഹരെ കണ്ടെത്തിയിരുന്നുവെന്നും അനർഹതയുടെ കാരണങ്ങൾ റേഷൻ കാർഡ് ഇല്ലാത്തതും, ബന്ധുക്കൾ വിദേശത്ത് ആയതും, നിലവിൽ വീട് ഉള്ളവർ എന്നിവയായിരുന്നുവെന്നും എന്നാൽ റേഷൻ കാർഡ് ഇല്ലാത്തവരെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തിയത് പ്രാഥമിക പരിശോധന നടത്തിയ ഉദ്യോഗസ്ഥരുടെ തീരുമാനമല്ലെന്നും മറിച്ച് അത് പഞ്ചായത്ത് മുൻകൈ എടുത്ത് സ്വീകരിച്ച നടപടിയെ തുടർന്ന് ഉണ്ടായതാണ് എന്നും ഭവന പദ്ധതിയുടെ മാർഗ നിർദേശങ്ങൾ അനുശാസിക്കുന്ന പ്രകാരം ദീർഘവും വിവിധ സ്ഥാപനങ്ങളുടെയും ഉദ്യോഗസ്ഥരുടെയും ഉത്തരവാദിത്തത്തിൽ നിർവ്വഹിക്കപ്പെട്ടതുമായ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന പ്രക്രിയയിൽ പ്രാഥമിക അന്വേഷണം നടത്തിയ ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നുണ്ടായ വീഴ്ചകളെ കർശന ശിക്ഷക്ക് വിധേയമാക്കുവാൻ തക്ക ഗൗരവം ഉള്ളതായി കണക്കാക്കുവാൻ കഴിയില്ലെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഉദ്യോഗസ്ഥർ സമർപ്പിച്ച പ്രതിവാദ പത്രിക, പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ട് എന്നിവ പരിശോധിക്കുകയും അതിനുശേഷം സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ടീമിനെക്കൊണ്ട് വിശദമായി അന്വേഷിക്കുകയും റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഗുരുതരമായ ക്രമക്കേടുകൾ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും

ഉണ്ടായിട്ടില്ലായെന്നു കാണുന്നു. ഈ സാഹചര്യത്തിൽ എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിലെ മുൻ എൽ.ഡി. ക്ലാർക്കുമാരായ ശ്രീ. എം.ഡി. ദിജു, ശ്രീ. രജിൻ ശശി, യു.ഡി. ക്ലാർക്ക് ശ്രീമതി. ടി.പി. സിന്ധു എന്നിവർക്കെതിരെ ആരംഭിച്ച അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ബിജുകുട്ടന്.എം.എസ്**

**അഡീഷണല് സെക്രട്ടറി**

പകർപ്പ്

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. ശ്രീമതി. സിന്ധു ടി.പി, മുൻ യു.ഡി. ക്ലാർക്ക്, എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത് (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
3. ശ്രീ. എം.ഡി. ദിജു, മുൻ എൽ.ഡി. ക്ലാർക്ക്, എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത് (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
4. ശ്രീ. രജിൻ ശശി, മുൻ എൽ.ഡി. ക്ലാർക്ക്, എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത് (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
5. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ, തിരുവനന്തപുരം
6. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
7. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
8. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
9. വിജിലൻസ് വകുപ്പ്

   (യു.ഒ റിമാർക്സ് നം.വിജി.ഡി3/836/2018/വിജി. തീയതി 15.12.2018പ്രകാരം)
10. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
11. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/387/2015/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ